www.societytodaynews.com

2026
OCTOBER
17
SATURDAY

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper




# ഇന്ത്യൻ കയറ്റുമതി കുതിക്കുന്നു

**ന്യൂദൽഹി:** ആഗോള വ്യാപാര പ്രതിസന്ധിക്കിടയിലും ഇന്ത്യൻ കയറ്റുമതി കുതിക്കുന്നു. സെപ്റ്റംബറിൽ ചരക്ക് കയറ്റുമതി 23.04 ശതമാനം കുതിച്ച് 44.40 ബില്യൺ ഡോളറിലെത്തി. കഴിഞ്ഞ വർഷം ഇതേ കാലയളവിൽ ഇത് 36.08 ബില്യൺ ഡോളറായിരുന്നു.

ഇലക്ട്രോണിക്സ്, പെട്രോളിയം, എൻജിനീയറിങ്, രാസവസ്തുക്കൾ, കാർഷിക ഉൽപ്പന്നങ്ങൾ എന്നിവയുടെ കയറ്റമതിയാണ് ഈ ചരിത്ര നേട്ടത്തിന് കാരണമായത്. ഇറക്കുമതി 74.61 ബില്യൺ ഡോളറായി ഉയർന്നെങ്കിലും വ്യാപാരക്കമ്മി 30.21 ബില്യൺ ഡോളറായി കുറയ്ക്കാൻ കഴിഞ്ഞതും നേട്ടമായി.

ചരക്കും സേവനവും കൂടി ചേർത്തുള്ള മൊത്തം കയറ്റുമതിയിലും ഇന്ത്യ തിളങ്ങി. 72.76 ബില്യൺ ഡോളറിൽ നിന്ന് 10.99% വളർച്ചയോടെ 80.75 ബില്യൺ ഡോളറായി ഉയർന്നു. ഇറക്കുമതി 94.05 ബില്യൺ ഡോളറായെങ്കിലും മൊത്തം വ്യാപാരക്കമ്മി 14.17 ബില്യൺ ഡോളറിൽ നിന്ന് 13.30 ബില്യൺ ഡോളറായി കുറഞ്ഞു. ഇന്ത്യൻ ഉൽപ്പന്നങ്ങൾക്ക് ആഗോള വിപണിയിൽ ഡിമാൻഡ് കൂടുന്നതിന്റെ വ്യക്തമായ സൂചനയാണിത്.

നടപ്പ് സാമ്പത്തിക വർഷത്തിൽ കയറ്റുമതി കുതുപ്പ് ഇരട്ടിയാകുന്നുവെന്ന് വാണിജ്യ സെക്രട്ടറി രാജേഷ് അഗർവാൾ. ആദ്യ പാദത്തിലെ 11.84% വളർച്ചയിൽ നിന്ന് രണ്ടാം പാദത്തിൽ 15.84% ആയി വളർച്ച കുതിച്ചു.

ജൂലൈ-സെപ്റ്റംബർ കാലയളവിൽ മൊത്തം കയറ്റുമതി 242.6 ബില്യൺ ഡോളർ എന്ന എക്കാലത്തെയും ഉയർന്ന നേട്ടത്തിലെത്തി. ആദ്യ പാദത്തിൽ ഇത് 233.6 ബില്യൺ ഡോളറായിരുന്നു.

ആഗോള വിപണി ആശങ്കയിലാണെങ്കിലും ഇന്ത്യൻ വ്യാപാര മേഖല പ്രതീക്ഷയിലാണ്. സെപ്റ്റംബറിലെ ഈ കുതിപ്പ് തുടർന്നാൽ ഈ വർഷം ഇന്ത്യ റെക്കോർഡ് കയറ്റുമതി നേട്ടം കൊയ്യുമെന്നാണ് വിലയിരുത്തൽ



# പുതിയ ബഹിരാകാശ വ്യവസായ കരട് നയവുമായി കേരളം

**തിരുവനന്തപുരം:** ബഹിരാകാശരംഗം സ്വകാര്യമേഖലയ്ക്കു തുറന്നുകൊടുത്ത കേന്ദ്രസർക്കാർ നയത്തിന്റെ ചുവടുപിടിച്ച് പുതിയ ബഹിരാകാശ വ്യവസായ കരട് നയവുമായി സംസ്ഥാന സർക്കാർ.

കൂടുതൽ വിദേശനിക്ഷേപം ലക്ഷ്യംവെച്ചുള്ള നയത്തിൽ സ്റ്റാർട്ടപ്പുകൾക്കും സാങ്കേതിക ഗവേഷണസ്ഥാപനങ്ങൾക്കും മുൻഗണന നൽകുന്നു. സ്റ്റാർട്ടപ്പുകൾക്ക് പ്രത്യേക സാമ്പത്തികസഹായവും ദീർഘകാല പാട്ടത്തിനു ഭൂമി അനുവദിക്കുന്നതടക്കമുള്ള വാഗ്ദാനങ്ങളുണ്ട്.

കൊച്ചിയിലും കോഴിക്കോട്ടും 100 ഏക്കറിൽ എയ്റോസ്പെയ്സ് വ്യവസായ ക്ലസ്റ്റർ തുടങ്ങുമെന്ന് നയത്തിൽ പറയുന്നു. വ്യോമയാന ബഹിരാകാശ മേഖലകളിലെ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതി കേരള സ്പെയ്സ് പാർക്ക് വഴി നടപ്പാക്കുമെന്ന് മന്ത്രി പി.കെ.കുഞ്ഞാലിക്കുട്ടി നിയമസഭയെ അറിയിച്ചു. മാപ്പുകൾ കാണുക

തിരുവനന്തപുരം പള്ളിപ്പുറം ടെക്നോസിറ്റിയിൽ സാങ്കേതിക വ്യവസായ ക്ലസ്റ്റർ തുടങ്ങുന്നതിനും സ്വകാര്യ നിക്ഷേപങ്ങൾക്കായി 16 ഏക്കർ ഭൂമി ദീർഘകാല പാട്ടത്തിനു നൽകുന്നതിനും കരടിൽ നിർദേശമുണ്ട്.

സ്റ്റാർട്ടപ് ആൻഡ് ഇനവേഷൻ സെന്റർ, കോമൺ ഡിജിറ്റൽ എൻജിനിയറിങ് ആൻഡ് ഡിസൈൻ ലബോറട്രി, വേളിയിൽ 60 ഏക്കറിൽ എയ്റോസ്പെയ്സ് കൺട്രോൾ സിസ്റ്റംസ് കോപ്ലക്സ്, തിരുവനന്തപുരം വലിയമലയിൽ 13.5 ഏക്കറിൽ ലിക്വിഡ് പ്രൊപ്പൽഷൻ ആൻഡ് ഇനവേഷൻ ക്ലസ്റ്റർ, തിരുവനന്തപുരം കോട്ടൂരിൽ 100 ഏക്കറിൽ സംയോജിത പ്രതിരോധ വ്യവസായ പാർക്ക്, തോന്നയ്ക്കലിൽ 28.5 ഏക്കറിൽ എയ്റോസ്പെയ്സ് കോമ്പോസിറ്റ് സെന്റർ എന്നിവ തുടങ്ങുമെന്നും കരട് നയത്തിലുണ്ട്.

പള്ളിപ്പുറത്തെ ടെക്നോസിറ്റിയിൽ മൂന്നര ഏക്കറിൽ കോമൺ ഫെസിലിറ്റികേന്ദ്രവും ഗവേഷണ വികസനകേന്ദ്രവും തുടങ്ങും. എയ്റോസ്പെയ്സ്, പ്രതിരോധം, വ്യോമയാനം മേഖലകളിലെ ഗവേഷണങ്ങൾക്കും പുതിയ സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിനുമുള്ള കേന്ദ്രമായി ഇതു മാറും. രണ്ടുലക്ഷം ചതുശ്രയടി വിസ്തീർണത്തിലായിരിക്കും കേന്ദ്രം ഒരുങ്ങുന്നത്.

വി.എസ്.എസ്.സി. അടക്കമുള്ള ഐ.എസ്.ആർ.ഒ. കേന്ദ്രങ്ങളുടെ സാന്നിധ്യം പ്രയോജനപ്പെടുത്തി വാണിജ്യ ബഹിരാകാശ സാഹചര്യമൊരുക്കുകയാണ് സർക്കാർലക്ഷ്യം.

ഐ.എസ്.ആർ.ഒ. വലിയ ദൗത്യങ്ങളിൽമാത്രം ശ്രദ്ധ കേന്ദ്രീകരിക്കുന്നതോടെ സ്റ്റാർട്ടപ് രംഗത്തേക്കു കൂടുതൽ കമ്പനികൾ വരുമെന്നാണ് പ്രതീക്ഷിക്കുന്നത്. സംസ്ഥാനത്ത് 50ഉം ദേശീയതലത്തിൽ 440ഉം സ്പെയ്സ് സ്റ്റാർട്ടപ്പുകൾ പ്രവർത്തിക്കുന്നുണ്ട്.

ICL
Join ICL, Grow with us
ICL Fincorp
ഗോൾഡ് ലോൺ @ 75* പൈസ
പ്രതിമാസ പലിശ നിരക്ക് 100 രൂപയ്ക്ക്
കുറഞ്ഞ പലിശ നിരക്ക്
ഉയർന്ന മൂല്യം | അതിവേഗം
TOLL-FREE : 1800 31 333 53
*As Per EMI Scheme Basis *T&C Apply

# റിക്കാർഡ് ഐപിഒയ്ക്ക് ജിയോ പ്ലാറ്റ്ഫോംസ്

**മുംബൈ:** ഇന്ത്യൻ പ്രാഥമിക ഓഹരി വിപണിയിൽ ചരിത്രം കുറിക്കാൻ ശതകോടീശ്വര വ്യവസായി മുകേഷ് അംബാനിയുടെ നേതൃത്വത്തിലുള്ള റിലയൻസ് ഇൻഡസ്ട്രീസിന്റെ ഡിജിറ്റൽ ടെലികോം വിഭാഗമായ ജിയോ പ്ലാറ്റ്ഫോംസ് ലിമിറ്റഡ് തയാറെടുക്കുന്നു.

ജിയോയുടെ 21 മുതൽ 23 വരെയുള്ള പ്രാരംഭ പൊതുഓഹരി വിൽപനയ്ക്കായി 1,0651,119 രൂപ നിരക്കിൽ പ്രൈസ് ബാൻഡ് നിശ്ചയിച്ചു.

ഉയർന്ന പ്രൈസ് ബാൻഡിൽ 30,213 കോടി രൂപ സമാഹരിക്കാനാണ് റിലയൻസ് ജിയോ ലക്ഷ്യമിടുന്നത്. ഈ ഐപിഒ വഴി ജിയോ പ്ലാറ്റ്ഫോംസിൻറെ മൂല്യം ഏകദേശം 10.3 ലക്ഷം കോടി രൂപയായി (ഏകദേശം 108 ബില്യൺ ഡോളർ) ഉയരുമെന്നാണ് കണക്കാക്കുന്നത്.

നേരത്തെ, 2024ൽ ഹ്യുണ്ടായ് മോട്ടോർ ഇന്ത്യ സ്ഥാപിച്ച 27,859 കോടി രൂപയുടെ റിക്കാർഡ് മറികടന്ന് ഇന്ത്യൻ വിപണി സാക്ഷ്യം വഹിക്കുന്ന ഏറ്റവും വലിയ ഐപിഒ ആയി ഇത് മാറും. ആങ്കർ നിക്ഷേപകർക്കുള്ള ബിഡ്ഡിംഗ് 19ന് നടക്കും. 28ന് ഓഹരികൾ എക്സ്ചേഞ്ചുകളിൽ ലിസ്റ്റ് ചെയ്യുമെന്നാണ് പ്രതീക്ഷിക്കുന്നത്.

മുഖവില 10 രൂപയുള്ള 27 കോടി പുതിയ ഇക്വിറ്റി ഓഹരികളാണ് ജിയോ പബ്ലിക് ഇഷ്യൂവിലൂടെ വിപണിയിലെത്തുന്നത്.

നിലവിലുള്ള ഓഹരി ഉടമകളുടെ ഓഫർ ഫോർ സെയിൽ ഇല്ലാതെ പൂർണമായും പുതിയ ഓഹരികൾ മാത്രമാണ് ജിയോയുടെ ഇഷ്യുവിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. സമാഹരിക്കുന്ന മുഴുവൻ പണവും കന്പനിയുടെ ബിസിനസ് വികസനത്തിലേക്ക് നേരിട്ടെത്തുന്ന 'ഫ്രഷ് ഇഷ്യൂ' ആയാണ് ജിയോ ഐപിഒ അവതരിപ്പിക്കുന്നത് എന്നതും ശ്രദ്ധേയം.

യോഗ്യരായ ജീവനക്കാർക്ക് ഓഹരിയൊന്നിന് 54 രൂപയുടെ ഇളവ് നൽകുന്നുണ്ട്. ജിയോ ജീവനക്കാർക്കായി 500 കോടി രൂപയുടെയും റിലയൻസ് ഇൻഡസ്ട്രീസ് ഓഹരി ഉടമകൾക്ക് പ്രത്യേകമായി 2,500 കോടി രൂപയുടെയും ഷെയർഹോൾഡർ ക്വോട്ട മാറ്റിവച്ചിട്ടുണ്ട്.

സമാഹരിക്കുന്ന തുക പൂർണമായും ജിയോ പ്ലാറ്റ്ഫോംസിനാണ് ലഭിക്കുക. ഇതിൽ നിന്ന് ലഭിക്കുന്ന തുകയിൽ 27,500 കോടി രൂപ വരെ ജിയോയുടെ പ്രധാന ഉപകമ്പനിയായ റിലയൻസ് ജിയോ ഇൻഫോകോമിൻറെ ബാങ്ക് കടബാധ്യതകൾ തിരിച്ചടയ്ക്കുന്നതിനോ മുൻകൂട്ടി തീർപ്പാക്കുന്നതിനോ ആണ് നീക്കിവയ്ക്കുന്നത്.

ബാക്കി തുക പൊതു കോർപറേറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കും.



# ഗുണനിലവാരമുള്ള മരുന്ന് കുറഞ്ഞ വിലയിൽ ലഭ്യമാക്കും: മന്ത്രി

**പേരൂർക്കട:** ഗുണനിലവാരമുള്ള മരുന്നു കുറഞ്ഞ വിലയിൽ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് സർക്കാർ മുൻഗണന നൽകുന്നുണ്ടെന്നും, ഫാർമസ്യൂട്ടിക്കൽ കമ്പനികളിൽ നിന്ന് ഗുണമേന്മയുള്ള മരുന്ന് ഉറപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും മന്ത്രി കെ. മുരളീധരൻ. പട്ടത്തെ ജില്ലാ പഞ്ചായത്ത് ഇഎംഎസ് ഹാളിൽ സംഘടിപ്പിച്ച ക്ഷയരോഗമുക്ത പഞ്ചായത്ത് പുരസ്കാര പ്രഖ്യാപനവും വിതരണവും ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

ജില്ലയിൽ ക്ഷയരോഗ നിർമാർജന പ്രവർത്തനങ്ങളിൽ നേട്ടം കൈവരിച്ച 28 പഞ്ചായത്തുകൾക്കും നാലു നഗരസഭകൾക്കുമുള്ള പുരസ്കാരങ്ങൾ മന്ത്രി വിതരണം ചെയ്തു.

അണ്ടൂർക്കോണം, പൂവാർ, നന്ദിയോട്, കല്ലറ പഞ്ചായത്തുകൾ സ്വർണ മെഡലും, പുല്ലമ്പാറ, വിതുര, വക്കം, ആനാട്, അരുവിക്കര എന്നിവ വെള്ളി മെഡലും കരസ്ഥമാക്കി. പോത്തൻകോട്, കിളിമാനൂർ, ഒറ്റശേഖരമംഗലം, അഴൂർ, കഠിനംകുളം, മാണിക്കൽ, വാമനപുരം, കുറ്റിച്ചൽ, ഉഴമലയ്ക്കൽ, വെള്ളനാട്, അതിയന്നൂർ, കാഞ്ഞിരംകുളം, കരിങ്കുളം, ചിറയിൻകീഴ്, പനവൂർ, കടയ്ക്കാവൂർ, ബാലരാമപുരം, മാറനല്ലൂർ, കള്ളിക്കാട് എന്നീ പഞ്ചായത്തുകൾ വെങ്കല മെഡൽ നേടി. നഗരസഭവിഭാഗത്തിൽ ആറ്റിങ്ങൽ, നെയ്യാറ്റിൻകര, വർക്കല, നെടുമങ്ങാട് എന്നിവരും പുരസ്കാരങ്ങൾക്ക് അർഹരായി.

ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് വി.പ്രിയദർശിനി ചടങ്ങിൽ അധ്യക്ഷത വഹിച്ചു. എഡിഎം എ. നിസ, ഡിഎംഒ ബിന്ദു മോഹൻ, ജില്ലാ ടിബി ഓഫീസർ രഞ്ജി കെ. രാജൻ, എൻഎച്ച്എം ജില്ലാ പ്രോഗ്രാം മാനേജർ അർണോൾഡ് ദീപക്, വാർഡ് കൗൺസിലർ മേരി പുഷ്പം എന്നിവർ പങ്കെടുത്തു.



ഇന്ത്യയിലെ മികച്ച ട്രാൻസ്പ്ലാന്റ് കോ ഓർഡിനേറ്റർക്കുള്ള സ്വാമി നാരായൺ മെമ്മോറിയൽ അവാർഡ് കൊച്ചി അമൃത ആശുപത്രിയിലെ ലിവർ ട്രാൻസ്പ്ലാന്റ് കോ ഓർഡിനേറ്റർ ജയശ്രീ പ്രസാദിന് ഡോ. (കേണൽ) അവനീഷ് സേത്തും, ഡോ. സുനിൽ ഷ്റോഫും ചേർന്ന് സമ്മാനിക്കുന്നു.

# ഇന്ത്യയിലെ മികച്ച ട്രാൻസ്പ്ലാന്റ് കോ ഓർഡിനേറ്റർക്കുള്ള പുരസ്കാരം അമൃത ആശുപത്രിയിലെ ജയശ്രീ പ്രസാദിന്

**കൊച്ചി:** അവയവദാന, അവയവമാറ്റ ശസ്ത്രക്രിയാ രംഗത്തെ മികച്ച സേവനത്തിനുള്ള 2026ലെ സ്വാമി നാരായൺ മെമ്മോറിയൽ ബെസ്റ്റ് ട്രാൻസ്പ്ലാന്റ് കോർഡിനേറ്റർ അവാർഡ് കൊച്ചി അമൃത ആശുപത്രിയിലെ ലിവർ ട്രാൻസ്പ്ലാന്റ് കോ ഓർഡിനേറ്റർ ജയശ്രീ പ്രസാദിന് ലഭിച്ചു.

ഹൈദരാബാദിൽ നടന്ന 19ാമത് നാഷണൽ അസോസിയേഷൻ ഓഫ് ട്രാൻസ്പ്ലാന്റ് കോ ഓർഡിനേറ്റേഴ്സ് (ചഅഠഇഛ) കോൺഫറൻസിലാണ് ഡോ.(കേണൽ) അവനീഷ് സേത്തും, ഡോ. സുനിൽ ഷ്റോഫും ചേർന്ന് പുരസ്കാരം സമ്മാനിച്ചത്. അവയവദാന, അവയവമാറ്റ രംഗത്ത് രണ്ട് പതിറ്റാണ്ടിനടുത്തുള്ള സമർപ്പിത സേവനവും മികച്ച സംഭാവനകളും പരിഗണിച്ചാണ് ഈ ദേശീയ അംഗീകാരം.

അമൃത ആശുപത്രിയിലെ ഗ്യാസ്ട്രോ ഇന്റസ്റ്റൈനൽ സർജറി ആൻഡ് സോളിഡ് ഓർഗൻ ട്രാൻസ്പ്ലാന്റേഷൻ വിഭാഗത്തിലെ ലിവർ ട്രാൻസ്പ്ലാന്റ് കോർഡിനേറ്റർ ആണ് ജയശ്രീ പ്രസാദ്.



## മലമേടുകളിൽ മഞ്ഞ വസന്തം

# നീർമുതിര ചെടികൾ പൂത്തുതുടങ്ങി

**ചെറുതോണി:** ഹേമന്തകാലത്തെ വരവേൽക്കാനായി ഇടുക്കി ഭൂമിയാംകുളം, മണിയാറൻകുടി മേഖലകളിലെ മലനിരകൾ മഞ്ഞപ്പട്ടുടുത്തു തുടങ്ങി. പ്രാദേശികമായി മഞ്ഞക്കുറിഞ്ഞി എന്നറിയപ്പെടുന്ന നീർമുതിര ചെടികളാണ് മലമേടുകളിൽ വ്യാപകമായി പൂത്തുലയുന്നത്. കാലാവസ്ഥയുടെ പ്രത്യേകത കൊണ്ടാകാം ഇത്തവണ നീർമുതിര വ്യാപകമായി പൂത്തതെന്നു നാട്ടുകാർ പറയുന്നു. ഭൂമിയാംകുളം സ്റ്റേഡിയം പാറ, മണിയാറൻകുടി സെന്റ് മേരീസ് പള്ളിക്ക് സമീപത്തെ മലമേടുകൾ, പാറമട എന്നിവിടങ്ങളിലാണ് മഞ്ഞപ്പൂക്കളുടെ മനോഹരക്കാഴ്ച സഞ്ചാരികൾക്ക് വിരുന്നൊരുക്കുന്നത്. പൂമ്പാറ്റകളും പൂമ്പൊടി ശേഖരിക്കാനെത്തുന്ന ചെറുതേനീച്ചകളും വണ്ടുകളും ഇവിടെ സജീവം.

എന്നാൽ പ്രദേശത്ത് ആനത്തൊട്ടാവാടി ഉൾപ്പെടെയുള്ള അധിനിവേശ സസ്യങ്ങൾ വ്യാപിച്ചതോടെ ചിലയിടങ്ങളിൽനിന്നു ചെടികളുടെ സാന്നിധ്യം മറയുന്നുമുണ്ട്. മലനിരകളിലും പാറപ്പുറമ്പോക്കുകളിലുമുള്ള നീർമുതിരയെ സംരക്ഷിക്കാൻ നടപടി സ്വീകരിച്ചില്ലെങ്കിൽ ഇവ സമീപ ഭാവിയിൽ വേരറ്റുപോകുമെന്നു പ്രകൃതി നിരീക്ഷകർ പറയുന്നു. കേരള വനംവകുപ്പിന്റെ സാമൂഹിക വനവൽക്കരണ വിഭാഗവും കേരള വനഗവേഷണ വിഭാഗവും സസ്യശാസ്ത്ര ഗവേഷകരുടെ സഹായത്തോടെ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കണമെന്നാണ് ആവശ്യം.





# ജാതിവിവേചനങ്ങൾക്കെതിരെ സമൂഹം ഒറ്റക്കെട്ടായി പ്രവർത്തിക്കണമെന്ന് മന്ത്രി തുളസി

**തിരുവനന്തപുരം:** ജാതിവിവേചനങ്ങളും അനാചാരങ്ങളും ഉച്ചനീചത്വങ്ങളും ഇല്ലാതാക്കാൻ പൊതുസമൂഹം ഒറ്റക്കെട്ടായി പ്രവർത്തിക്കണമെന്ന് പട്ടികജാതി, പട്ടികവർഗ, പിന്നാക്ക ക്ഷേമ വകുപ്പ് മന്ത്രി കെ എ തുളസി. സമൂഹത്തിൽ നിലനിൽക്കുന്ന വിവേചനങ്ങൾ പൂർണമായി ഇല്ലാതാക്കാൻ നിയമനടപടികൾക്കൊപ്പം ജനങ്ങളിൽ യഥാർഥ അവബോധം വളർത്തണം. പട്ടികജാതി പട്ടികവർഗ പിന്നാക്ക ക്ഷേമ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഒക്ടോബർ രണ്ട് മുതൽ 15 വരെ നടന്ന സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണത്തിന്റെ സംസ്ഥാനതല സമാപന സമ്മേളനം തിരുവനന്തപുരം മഹാത്മാ അയ്യങ്കാളി ഹാളിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

സർക്കാരിന്റെ നൂറ് ദിന കർമപരിപാടിയുടെ ഭാഗമായി വകുപ്പ് പ്രഖ്യാപിച്ച 32 പദ്ധതികളും സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിഞ്ഞത് അഭിമാനകരമാണ്. അടിസ്ഥാന ജനവിഭാഗങ്ങളുടെ വികസനത്തിനും ക്ഷേമത്തിനുമായി അനുവദിക്കുന്ന സർക്കാർ ഫണ്ടുകൾ പാഴാകാതെ കൃത്യമായി വിനിയോഗിക്കും. ഇതിന്റെ ഭാഗമായി കെട്ടിക്കിടക്കുന്ന അപേക്ഷകൾ ഡിസംബർ 31നകം അടിയന്തരമായി തീർപ്പാക്കുമെന്നും മന്ത്രി പറഞ്ഞു.

കാലത്തിന്റെ മാറ്റങ്ങളും വെല്ലുവിളികളും നേരിടാൻ, സ്വാശ്രയത്വമുള്ള ഒരു നവജനസമൂഹത്തെ വാർത്തെടുക്കാൻ ലക്ഷ്യമിട്ടാണ് സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണം ആചരിച്ചത്. ആദിവാസി മേഖലകളിലെ യാത്ര, ആരോഗ്യ പ്രശ്നങ്ങൾ ഘട്ടംഘട്ടമായി പരിഹരിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഇടമലക്കുടിയിലെ റോഡ് സൗകര്യങ്ങളുടെ അഭാവം, നിലമ്പൂരിലെ ചോലനായ്ക്കർ വിഭാഗത്തിന്റെ സവിശേഷമായ ജീവിതസാഹചര്യങ്ങൾ, അട്ടപ്പാടിയിലെ യാത്ര, ആരോഗ്യ പ്രശ്നങ്ങൾ എന്നിവയ്ക്ക് പ്രത്യേക പരിഗണന നൽകും. ഇത്തരം പ്രശ്നങ്ങൾ ഒറ്റയടിക്ക് പരിഹരിക്കാനാകില്ലെങ്കിലും നിശ്ചയദാർഢ്യത്തോടെ ഇടപെടലുകൾ തുടരുമെന്നും മന്ത്രി വ്യക്തമാക്കി.

പദ്മശ്രീ ലക്ഷ്മിക്കുട്ടിയമ്മ, 'പുതുയുഗ വഴിയിൽ നാമുയരുന്നു, നാടുണരുന്നു' എന്ന പക്ഷാചരണ മുദ്രാവാക്യം രചിച്ച വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർ സിദ്ധാർഥ് എന്നിവരെ ചടങ്ങിൽ മന്ത്രി ആദരിച്ചു.

കഴിഞ്ഞ വർഷം എസ്എസ്എൽസി, ഹയർ സെക്കൻഡറി പരീക്ഷയിൽ മികച്ച വിജയം നേടിയ മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾക്കുള്ള ട്രോഫി വിതരണവും, ഹയർ സെക്കൻഡറി മെറിറ്റ് അവാർഡ് വിതരണവും, പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ മൈക്രോ ക്രെഡിറ്റ് വായ്പാ വിതരണവും മന്ത്രി നിർവഹിച്ചു.

വിതുര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എസ് സിന്ധു അധ്യക്ഷയായി. പട്ടികജാതി പട്ടികവർഗ പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് സെക്രട്ടറി ഡോ. വീണ എൻ മാധവൻ സ്വാഗതം ആശംസിച്ചു. വാർഡ് കൗൺസിലർ ഷർളി, പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ കെ ഹിമ, പട്ടികവർഗ വികസന വകുപ്പ് ഡയറക്ടർ ഡോ. ബിനു ഫ്രാൻസിസ്, പിന്നാക്ക വിഭാഗക്ഷേമ വകുപ്പ് ഡയറക്ടർ ഡി രഞ്ജിത്ത്, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, വിദ്യാർഥികൾ തുടങ്ങിയവർ പങ്കെടുത്തു.

# ശബരിമല തീർഥാടനം: ചെങ്ങന്നൂർ റെയിൽവേ സ്റ്റേഷനിൽ അടിയന്തര വികസനം

**ചെങ്ങന്നൂർ:** ശബരിമല മണ്ഡലമകരവിളക്ക് മഹോത്സവത്തോടനുബന്ധിച്ച് ചെങ്ങന്നൂർ റെയിൽവേ സ്റ്റേഷനിൽ 50 ലക്ഷം രൂപയുടെ അടിയന്തിര അറ്റകുറ്റപ്പണികളും വികസന പ്രവൃത്തികളും നടത്തുമെന്ന് കൊടിക്കുന്നിൽ സുരേഷ് എംപി അറിയിച്ചു.

തീർഥാടകരുടെ പ്രധാന ഇടത്താവളമായ ചെങ്ങന്നൂരിൽ എത്തുന്ന അയ്യപ്പഭക്തർക്ക് കൂടുതൽ സുരക്ഷിതവും സുഗമവുമായ യാത്രാസൗകര്യങ്ങൾ ഉറപ്പാക്കുകയാണ് ലക്ഷ്യം.

തീർഥാടന കാലത്തിന് മുന്നോടിയായി സ്റ്റേഷൻ കവാടത്തിലെ റോഡ് ടാറിംഗ്, സർക്കുലേറ്റിംഗ് ഏരിയയിലെ അറ്റകുറ്റപ്പണികൾ, സ്റ്റേഷൻ കെട്ടിടത്തിന്റെ പെയിന്റിംഗ്, ചോർച്ച പരിഹരിക്കൽ, ശൗചാലയങ്ങളുടെ അറ്റകുറ്റപ്പണികൾ എന്നിവ അടിയന്തരമായി പൂർത്തിയാക്കും. സ്റ്റേഷൻ പുനർവികസന പദ്ധതിയുമായി ബന്ധപ്പെട്ട ടെൻഡർ നടപടികളിലെ നിയമതടസങ്ങൾ ചൂണ്ടിക്കാട്ടി പ്രവൃത്തികൾ നീട്ടിക്കൊണ്ടുപോകരുതെന്ന് എംപി റെയിൽവേ അധികൃതരോട് ആവശ്യപ്പെട്ടു.

ഇതിനായി റെയിൽവേ ബോർഡ് ചെയർമാനുമായും തിരുവനന്തപുരം ഡിവിഷണൽ റെയിൽവേ മാനേജരുമായും കഴിഞ്ഞ ദിവസങ്ങളിൽ കൂടിക്കാഴ്ച നടത്തിയിരുന്നു.

തീർഥാടന കാലത്തെ ഭക്തജനത്തിരക്ക് കണക്കിലെടുത്ത് റെയിൽവേ 148 പ്രത്യേക ട്രെയിൻ സർവീസുകൾ നടത്തും. വിവിധ സംസ്ഥാനങ്ങളിൽ നിന്നുമെത്തുന്ന ഭക്തരുടെ സുഗമമായ യാത്ര ഉറപ്പാക്കാൻ ആവശ്യമായ സർവീസ് ക്രമീകരണങ്ങൾ റെയിൽവേയുടെ ഭാഗത്തുനിന്നുണ്ടാകും.

തീർഥാടന മുന്നൊരുക്കങ്ങൾ വിലയിരുത്തുന്നതിനായി ചെങ്ങന്നൂർ റെയിൽവേ സ്റ്റേഷനിൽ അവലോകന യോഗം ചേരും. റെയിൽവേ അധികൃതരും വിവിധ വകുപ്പുതല ഉദ്യോഗസ്ഥരും പങ്കെടുക്കുന്ന യോഗത്തിൽ അടിസ്ഥാന സൗകര്യങ്ങൾ, പ്രത്യേക ട്രെയിനുകൾ, തിരക്ക് നിയന്ത്രണ സംവിധാനങ്ങൾ എന്നിവ വിലയിരുത്തുമെന്ന് എംപി വ്യക്തമാക്കി.

# അഖില കേരള ഇന്റർ സ്കൂൾ ചെസ്സ് ചാമ്പ്യൻഷിപ്പ് ഒക്ടോബർ 24 ന്

എറണാകുളം വൈ.എം.സി.എയുടെയും തമ്മനം വിനോദ ചെസ്സ് അക്കാദമിയുടെയും ആഭിമുഖ്യത്തിൽ അഖില കേരള ഇന്റർ സ്കൂൾ ചെസ്സ് ചാമ്പ്യൻഷിപ്പ് ഒക്ടോബർ 24 ശനിയാഴ്ച 9 മണിക്ക് എറണാകുളം ചിറ്റൂർ റോഡ് വൈ.എം.സി.എയിൽ നടത്തപ്പെടും.

മത്സരത്തിൽഎൽ.കെജി മുതൽ പ്ലസ്ടു വരെയുള്ള വിദ്യാർത്ഥികൾക്ക് പങ്കെടുക്കാം. എൽ.പി., യു.പി. സ്കൂൾ വിഭാഗം തിരിച്ചായിരിക്കും മത്സരം. ഹൈസ്കൂൾ, ഹയർസെക്കണ്ടറി ഒറ്റ വിഭാഗങ്ങളിലായിരിക്കും മത്സരം നടത്തുന്നത്. ഓരോ വിഭാഗത്തിലും വിജയികൾക്ക് ക്യാഷ് അവാർഡും മറ്റ് സമ്മാനങ്ങളും ഉണ്ടായിരിക്കും. ഏറ്റവും കൂടുതൽ പോയിന്റ് നേടുന്ന സ്കൂളുകൾക്ക് ട്രോഫികൾ നൽകപ്പെടും, കൂടാതെ മികച്ച 3 ചെസ്സ് പരിശീലകരെ ചടങ്ങിൽ ആദരിക്കും. മത്സരത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ 9895173241 എന്ന നമ്പറിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

# ലോകത്തെ മികച്ച 2% ശാസ്ത്രജ്ഞരുടെ പട്ടികയിൽ എം.ജി. സർവകലാശാലയിലെ ഏഴ് അധ്യാപകർ

**കോട്ടയം:** അന്താരാഷ്ട്ര ഗവേഷണ റാങ്കിങ് പ്ലാറ്റ്ഫോമായ 'ടോപ്പ്സൈന്റെറ്റ്' പ്രസിദ്ധീകരിച്ച ലോകത്തെ മികച്ച രണ്ട് ശതമാനം ശാസ്ത്രജ്ഞരുടെ പട്ടികയിൽ മഹാത്മാഗാന്ധി സർവകലാശാലയിലെ വിവിധ പഠനവകുപ്പുകളിലെ ഏഴ് അധ്യാപകർ ഇടം നേടി.

പ്രൊഫ. (ഡോ.) രാധാകൃഷ്ണൻ ഇ. കെ., (സ്കൂൾ ഓഫ് ബയോസയൻസസ് ), പ്രൊഫ. (ഡോ.) ജി. അനിൽകുമാർ, പ്രൊഫ. (ഡോ.) ബീന മാത്യു, (സ്കൂൾ ഓഫ് കെമിക്കൽ സയൻസസ്), പ്രൊഫ. (ഡോ.) നന്ദകുമാർ കളരിക്കൽ, (സ്കൂൾ ഓഫ് പ്യൂവർ ആൻഡ് അപ്ലൈഡ് ഫിസിക്സിക്സ്), ഡോ. ശ്രീകല എം. എസ്., (സ്കൂൾ ഓഫ് നാനോസയൻസ് ആൻഡ് നാനോടെക്നോളജി), പ്രൊഫ. (ഡോ.) സാബു തോമസ്, ഡോ. ലാലി പോത്തൻ (സ്കൂൾ ഓഫ് നാനോസയൻസസ് ആൻഡ് നാനോടെക്നോളജി) എന്നിവരാണ് മഹാത്മാഗാന്ധി സർവകലാശാലയിൽനിന്നും പട്ടികയിൽ ഉൾപ്പെട്ടവർ.

ലോകമെമ്പാടുമുള്ള ഗവേഷകരുടെ കോംപോസിറ്റ് സൈറ്റേഷൻ ഇൻഡക്സ് വിലയിരുത്തിയാണ് ഈ ആഗോള പട്ടിക തയ്യാറാക്കിയിരിക്കുന്നത്. ഗവേഷകരുടെ ദീർഘകാല സംഭാവനകൾ വിലയിരുത്തുന്നതിനായി സ്റ്റാൻഫോർഡ് സർവകലാശാലയിലെ പ്രൊഫസർ ജോൺ ഇയോനിഡിസ് വികസിപ്പിച്ചെടുത്ത സൂചികയാണ് കോംപോസിറ്റ് സൈറ്റേഷൻ ഇൻഡക്സ്. പബ്ലിഷിങ് കമ്പനിയായ എൽസിവീറിന്റെ ഡാറ്റാബേസായ സ്കോപ്പസിലെ ഡാറ്റ ഉപയോഗിച്ചാണ് വിലയിരുത്തൽ നടത്തുന്നത്.

സർവകലാശാലയിലെ 19 ശാസ്ത്രജ്ഞർ ഈ വർഷത്തെ സൈഗ്ലോബൽ റാങ്കിങ്ങിലും ഇടം നേടിയിരുന്നു.

# കെ.എസ്.ആർ.ടി.സി ഡോർ ടു ഡോർ കൊറിയർ സേവനം വിപുലീകരിക്കുന്നു

**തിരുവനന്തപുരം:** കെ.എസ്.ആർ.ടി.സി നടപ്പിലാക്കുന്ന കൊറിയർ ആൻഡ് ലോജിസ്റ്റിക്സ് സേവനങ്ങൾ കൂടുതൽ ജനകീയമാക്കുന്നതിന്റെ ഭാഗമായി ഡോർ ടു ഡോർ സേവനത്തിനായി സംസ്ഥാനത്തെ സഹകരണ സംഘങ്ങളിൽ നിന്ന് താൽപര്യപത്രം ക്ഷണിച്ചു. ഉപഭോക്താക്കളുടെ വീടുകളിൽ നിന്ന് പാഴ്സലുകൾ ശേഖരിച്ച് കെ.എസ്.ആർ.ടി.സി കൗണ്ടറുകളിൽ എത്തിക്കുന്നതിനും, കൗണ്ടറുകളിൽ എത്തുന്ന പാഴ്സലുകൾ വീടുകളിൽ വിതരണം ചെയ്യുന്നതിനുമാണ് പുതിയ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

ആവശ്യമായ ജീവനക്കാർ, പ്രാദേശിക സാന്നിധ്യം, അടിസ്ഥാന സൗകര്യങ്ങൾ, സാമ്പത്തികസംഘടനാ ശേഷി എന്നിവയുള്ളതും നിയമപരമായി രജിസ്റ്റർ ചെയ്തതുമായ സഹകരണ സംഘങ്ങൾക്കാണ് അപേക്ഷിക്കാൻ സാധിക്കുക. കെ.എസ്.ആർ.ടി.സി നിശ്ചയിക്കുന്ന മേഖലകളിൽ സേവനം നൽകുന്നതിനായി അർഹതയുള്ള ഒന്നോ അതിലധികമോ സംഘങ്ങളെയാണ് തിരഞ്ഞെടുക്കുക. താൽപര്യപത്രത്തോടൊപ്പം സംഘത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ജീവനക്കാരുടെയും പ്രതിനിധിയുടെയും വിവരങ്ങൾ, പ്രവർത്തന മേഖല, അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയവ വ്യക്തമാക്കുന്ന രേഖകളും നിർബന്ധമായും സമർപ്പിക്കണം. താൽപര്യപത്രം സമർപ്പിക്കേണ്ട അവസാന തീയതി ഒക്ടോബർ 22 വൈകിട്ട് അഞ്ച് മണിയാണ്. കെ.എസ്.ആർ.ടി.സി ആസ്ഥാനത്തെ എസ്റ്റേറ്റ് വിഭാഗത്തിൽ നേരിട്ടോ estate@kerala.gov.in എന്ന ഇമെയിൽ വഴിയോ അപേക്ഷ നൽകാവുന്നതാണ്. നേരിട്ട് സമർപ്പിക്കേണ്ട വിലാസം: ചെയർമാൻ ആൻഡ് മാനേജിങ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി, ട്രാൻസ്പോർട്ട് ഭവൻ, ഫോർട്ട് പി.ഒ, തിരുവനന്തപുരം695023. കൂടുതൽ വിവരങ്ങൾക്ക് 04712471011 (എക്സ്റ്റൻഷൻ 232), 9495903813 എന്നീ നമ്പറുകളിൽ ബന്ധപ്പെടാം.

# 500ലധികം ലൈവ് ചാനലുകളുമായി ടാറ്റ പ്ലേ സ്മാർട്ട് ആപ്പ്

**കൊച്ചി:** സെറ്റ് ടോപ്പ് ബോക്സോ ഡിഷ് ആന്റിനയോ വയറുകളോ ഇല്ലാതെ 500ലധികം ലൈവ് ടിവി ചാനലുകൾ ലഭ്യമാക്കുന്ന ടാറ്റ പ്ലേ സ്മാർട്ട് ആപ്പ് അവതരിപ്പിച്ചു. സ്മാർട്ട് ടിവികളിലൂടെ ഇന്റർനെറ്റ് ഉപയോഗിച്ച് തത്സമയ ടെലിവിഷൻ പരിപാടികൾ കാണാൻ കഴിയുന്ന ആപ്പിന്റെ പ്രതിമാസ പ്ലാനുകൾ 199 രൂപ മുതലാണ് ആരംഭിക്കുന്നത്. സാംസങ്, ആൻഡ്രോയിഡ് ടിവി, വിഡാ, ഗൂഗിൾ ടിവി, ഫയർ ടിവി പ്ലാറ്റ്ഫോമുകളിൽ ആപ്പ് ലഭ്യമാണ്. മൊബൈൽ ഫോണുകളിലും ടാബ്‌ലെറ്റുകളിലും ആപ്പ് ഉപയോഗിക്കാം. ദേശീയ പുരസ്കാര ജേതാവായ നടൻ രാജ്കുമാർ റാവുവാണ് ടാറ്റ പ്ലേ സ്മാർട്ടിന്റെ പരസ്യപ്രചാരണത്തിൽ മുഖ്യവേഷത്തിലെത്തുന്നത്. അച്ഛന്റെയും മകളുടെയും ഇരട്ടവേഷങ്ങളിലാണ് താരം പരസ്യത്തിൽ പ്രത്യക്ഷപ്പെടുന്നത്.

# റബർബോർഡ്: ധാരണാപത്രം ഒപ്പുവച്ചു

**കോട്ടയം:** റബർ സാങ്കേതികവിദ്യ, പോളിമർ ശാസ്ത്രം, ഗവേഷണം, നൈപുണ്യ വികസനം മേഖലകളിൽ സഹകരണം ശക്തിപ്പെടുത്തുന്നതിനായി റബർ ബോർഡ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബർ ട്രെയിനിംഗും (എൻഐആർടി), സിഐപിഇടി: ഐപിടി കൊച്ചിയും ധാരണാപത്രം ഒപ്പുവച്ചു.

എൻഐആർടിയിൽ നടന്ന ചടങ്ങിൽ ഇരു സ്ഥാപനങ്ങളുടെയും പ്രതിനിധികൾ ധാരണാപത്രം കൈമാറി.

റബർ ബോർഡ് ചെയർമാൻ എൻ. ഹരി അധ്യക്ഷത വഹിച്ചു. സിഐപിഇടി: ഐപിടി കൊച്ചി ഡയറക്ടറും മേധാവിയുമായ ഡോ. കെ.എ. രാജേഷ് മുഖ്യപ്രഭാഷണം നടത്തി.

# സൈക്കിൾ ബ്രാൻഡ് മദർ മേരി പ്രാർഥനാതിരികൾ വിപണിയിൽ

**കണ്ണൂർ:** സൈക്കിൾ ബ്രാൻഡ് പ്യൂർ അഗർബത്തി തങ്ങളുടെ പുതിയ ഉത്പന്നമായ മദർ മേരി പ്രാർഥനാ തിരികൾ വിപണിയിലിറക്കി.

കുന്തിരിക്കത്തിന്റെ സവിശേഷസുഗന്ധവും മുല്ലപ്പൂവിന്റെ സൗരഭ്യവും ഒത്തുചേർന്നതാണു മദർ മേരി പ്രാർഥനാതിരികൾ. കുന്തിരിക്കത്തിന്റെതോടു ചേർന്ന ഊഷ്മളമായ സുഗന്ധത്തിന് നേരിയ സിട്രസ്, സുഗന്ധവ്യഞ്ജന ഗന്ധങ്ങളുടെ സാന്നിധ്യവും മുല്ലപ്പൂവിന്റെ സമ്പന്നമായ പുഷ്പസൗരഭ്യവും മൃദുവായ മധുരഗന്ധവും ചേരുന്നു.

മനോഹരമായ പുഷ്പാലങ്കാര പാക്കിംഗിലാണ് ഉത്പന്നം വിപണിയിലെത്തിക്കുന്നത്. ഉപയോഗിക്കാൻ സൗകര്യപ്രദമായ മദർ മേരി പ്രാർഥനാതിരികൾക്കൊപ്പം 30 കൊള്ളികളുള്ള ഒരു തീപ്പെട്ടിയും സൗജന്യമായി നൽകുന്നുണ്ട്.

55 രൂപയുടെ പായ്ക്കിലും 10 രൂപയുടെ പായ്ക്കിലും തിരികൾ ലഭ്യമാണ്. മദർ മേരി പ്രാർഥനാതിരികളുടെ വിപണനോദ്ഘാടനം തലശേരിയിൽ നടന്നു. ഡിസ്ട്രിബ്യൂട്ടറായ രാജൻ പുഷ്പഗിരി, സെയിൽസ് എക്സിക്യൂട്ടീവ് വി. വൈശാഖ് , സെയിൽസ് റപ്രസെന്ററ്റീവ് എം. അറഫാത്ത് എന്നിവർ പങ്കെടുത്തു.

# ജെപ്സ് സോളാറിന്റെ പുതിയ ശാഖ പാലക്കാട്ട് പ്രവർത്തനമാരംഭിച്ചു

**പാലക്കാട്:** പുനരുപയോഗ ഊർജരംഗത്തെ പ്രമുഖ സ്ഥാപനമായ ജെപ്സ് സോളാറിന്റെ പുതിയ ശാഖ പാലക്കാട്ട് പ്രവർത്തനം ആരംഭിച്ചു. ഓഫിസിൻറെ ഉദ്ഘാടനവും റിബൺ കട്ടിംഗും പാലക്കാട് മുനിസിപ്പൽ ചെയർപേഴ്സൺ സ്മിതേഷ് നിർവഹിച്ചു.

ജെപ്സ് ഗ്രൂപ്പ് ഓഫ് കമ്പനീസ് മാനേജിംഗ് ഡയറക്ടർ സി.വി. നിധീഷ് അധ്യക്ഷത വഹിച്ചു. പരിസ്ഥിതിസൗഹൃദവും ചെലവുകുറഞ്ഞതുമായ സൗരോർജ സംവിധാനങ്ങൾ സാധാരണക്കാരിലേക്ക് എത്തിക്കുകയാണു ജെപ്സ് സോളാർ ലക്ഷ്യമിടുന്നതെന്ന് അദ്ദേഹം പറഞ്ഞു.

ജെപ്സ് ഗ്രൂപ്പിന്റെ സാമൂഹിക പ്രതിബദ്ധതാപദ്ധതിയായ ജെപ്സ് സ്പർശം ഫണ്ട് മാനേജ്മെന്റ് പ്രതിനിധികൾ മുനിസിപ്പൽ ചെയർപേഴ്സന് ചടങ്ങിൽവച്ച് കൈമാറി. പാലക്കാട് ടൗണിൽനിന്നുള്ള ആദ്യ വിൽപന ഫസ്റ്റ് നോഡൽ ഓഫിസർ നൗഷാദ് ഷറഫുദ്ദീൻ ആദ്യ ഉപഭോക്താവായ വി.എം. ആയിഷ ബീഗത്തിനു രേഖകൾ നൽകി നിർവഹിച്ചു. പാലക്കാട് മുനിസിപ്പാലിറ്റി വാർഡ് കൗൺസിലർ പി. ശിവകുമാർ, ജെപ്സ് സോളാർ റീജണൽ മാനേജർ കെ.വി. ഷിനിൽ, ഡയറക്ടർ എ.പി. പ്രശോഭ്, കേബിൾ ഓപ്പറേറ്റേഴ്സ് അസോസിയേഷൻ പാലക്കാട് ജില്ലാ പ്രസിഡന്റ് എം.ജി. രാജശേഖരൻ നായർ, ജെപ്സ് സോളാർ ഡയറക്ടർ ശ്രീനാഥൻ, വിനീത് എന്നിവർ പ്രസംഗിച്ചു.

# സർവകാല റെക്കോർഡ് അറ്റാദായം നേടി സൗത്ത് ഇന്ത്യൻ ബാങ്ക്

**കൊച്ചി:** സാമ്പത്തിക വർഷത്തിലെ രണ്ടാം പാദത്തിൽ എക്കാലത്തെയും ഉയർന്ന അറ്റാദായമായ 426.13 കോടി രൂപ അറ്റാദായം രേഖപ്പെടുത്തി സൗത്ത് ഇന്ത്യൻ ബാങ്ക്. മുൻവർഷത്തെ സമാനപാദത്തെ അപേക്ഷിച്ച് 21.28 ശതമാനമാണ് വർധനവ്. മുൻവർഷം ഇത് 351.31 കോടി രൂപയായിരുന്നു.

37.95 ശതമാനം വാർഷിക വളർച്ചയോടെ, 1,116 കോടി രൂപയുടെ എക്കാലത്തെയും ഉയർന്ന അറ്റ പലിശ വരുമാനമാണ് ബാങ്ക് രേഖപ്പെടുത്തിയിരിക്കുന്നത്. പ്രവർത്തന ലാഭം 37 ശതമാനം വർധിച്ച് 732 കോടി രൂപയായി. മുൻ വർഷത്തെ അപേക്ഷിച്ച് അറ്റ പലിശ മാർജിൻ 2.80 ശതമാനത്തിൽ നിന്ന് 3.33 ശതമാനമായി വർധിച്ചു. മൊത്ത നിഷ്ക്രിയ ആസ്തികൾ മുൻ വർഷത്തെ 2.93 ശതമാനത്തിൽ നിന്നും 169 ബേസിസ് പോയിന്റുകൾ കുറച്ച് 1.24 ശതമാനത്തിലെത്തി. അറ്റ നിഷ്ക്രിയ ആസ്തികൾ മുൻവർഷത്തെ 0.56 ശതമാനത്തിൽ നിന്നും 47 പോയിന്റുകൾ കുറച്ച് 0.09 ശതമാനത്തിലെത്തി. കിട്ടാക്കടങ്ങളുടെ നീക്കിയിരിപ്പ് അനുപാതം 760 പോയിന്റുകൾ വർധിച്ച് 97.84 ശതമാനമായി. മുൻവർഷം ഇത് 90.25 ശതമാനമായിരുന്നു.

റീട്ടെയിൽ നിക്ഷേപം 1,12,625 കോടി രൂപയിൽ നിന്ന് 1,29,353 കോടി രൂപയായി വർധിച്ചു. മുൻ വർഷത്തെ അപേക്ഷിച്ച് 14.85 ശതമാനം ഉയർച്ചയിൽ 16,728 കോടി രൂപയാണ് ഈ വർഷം വർധിച്ചിരിക്കുന്നത്. പ്രവാസി (എൻ.ആർ.ഐ) നിക്ഷേപം 15.09 ശതമാനം വർധിച്ച് 38,203 കോടി രൂപയിലെത്തി. മുൻ വർഷം ഈ കാലയളവിൽ 33,195 കോടി രൂപയായിരുന്നു എൻ.ആർ.ഐ നിക്ഷേപം. 5,008 കോടി രൂപയുടെ വർധനവാണ് രേഖപ്പെടുത്തിയിരിക്കുന്നത്. കറന്റ് അക്കൗണ്ട്, സേവിങ്ങ്സ് അക്കൗണ്ടുകളിലെ (കാസ) നിക്ഷേപത്തിൽ 17.56 ശതമാനം വളർച്ചയുണ്ടായി. സേവിങ്ങ്സ് ബാങ്കിൽ 14.34 ശതമാനവും കറണ്ട് അക്കൗണ്ടിൽ 31.19 ശതമാനവും വളർച്ചയുണ്ടായി.

മൊത്ത വായ്പാ വിതരണം 18.67 ശതമാനം വളർച്ച കൈവരിച്ച് 92,286 കോടി രൂപയിൽ നിന്നും 1,09,517 കോടി രൂപയായി ഉയർന്നു. 17,231 കോടി രൂപയുടെ വർധനവുണ്ടായി. കോർപ്പറേറ്റ് വിഭാഗത്തിൽ, വായ്പാ തുക 37,008 കോടി രൂപയിൽ നിന്ന് 43,164 കോടി രൂപയായി വർധിച്ചു. മുൻവർഷത്തെ അപേക്ഷിച്ച് 16.63 ശതമാനത്തിന്റെ വളർച്ചയോടെ 6156 കോടി രൂപയുടെ വർധനവാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

സ്വർണ വായ്പകൾ 18,845 കോടി രൂപയിൽ നിന്ന് 26,603 കോടി രൂപയായി. 41.17 ശതമാനമാണ് വാർഷിക വളർച്ച. 7,758 കോടി രൂപയുടെ വളർച്ചയാണ് ഉണ്ടായത്. ബിസിനസ് വിഭാഗത്തിൽ 13,424 കോടി രൂപയിൽ നിന്ന് 2,066 കോടി രൂപയുടെ വർധനവുണ്ടായി 15,490 കോടി രൂപയായി. ഇത് മുൻ വർഷത്തെ അപേക്ഷിച്ച് 15.39 ശതമാനം വർധനവാണ് കാണിക്കുന്നത്.

മോർട്ട്ഗേജ് വായ്പ 3,929 കോടി രൂപയിൽ നിന്ന് 1,215 കോടി രൂപ വർധിച്ച് 5,144 കോടി രൂപയായി. ഇത് മുൻവർഷത്തെ അപേക്ഷിച്ച് 30.92 ശതമാനത്തിന്റെ വർധനവുണ്ടായി. വാഹന വായ്പ 2,288 കോടി രൂപയിൽ നിന്ന് 360 കോടി രൂപ വർധിച്ച് 2,648 കോടി രൂപയായി.

മുൻ വർഷത്തെ അപേക്ഷിച്ച് 15.73 ശതമാനം വർധനവാണ് ഉണ്ടായത്. വലിയ കോർപ്പറേറ്റ് വിഭാഗങ്ങളിൽ 99.10 ശതമാനവും 'എ' യോ അതിനുമുകളിലോ റേറ്റിങ് ഉള്ള വിഭാഗത്തിൽ പെടുന്നവയാണ്.

# ജിയോയുടെ വൻ വളർച്ചാപദ്ധതി; 10 കോടി വീടുകളിൽ ബ്രോഡ്ബാൻഡ്

**മുംബൈ:** ഇന്ത്യയിലെ ഏറ്റവും വലിയ ഐപിഒയ്ക്ക് മുന്നോടിയായി വളർച്ചയുടെ അടുത്ത ഘട്ടത്തിലേക്കുള്ള പദ്ധതികൾ പ്രഖ്യാപിച്ച് ജിയോ പ്ലാറ്റ്ഫോംസ്. മൊബിലിറ്റി, ഹോം ബ്രോഡ്ബാൻഡ്, എന്റർപ്രൈസ്-അന്താരാഷ്ട്ര ബിസിനസ് എന്നീ മൂന്ന് മേഖലകൾക്ക് മുൻഗണന നൽകിയാണ് കമ്പനിയുടെ മുന്നേറ്റം.

2030–31 സാമ്പത്തിക വർഷത്തോടെ 1.4 ട്രില്യൺ ഡോളറിന്റെ ഇന്ത്യൻ ഡിജിറ്റൽ സമ്പദ്‌വ്യവസ്ഥയിൽ നിർണായക പങ്കുവഹിക്കുകയാണ് ലക്ഷ്യമെന്ന് ജിയോ പ്ലാറ്റ്ഫോംസ് മാനേജിംഗ് ഡയറക്ടർ ആകാശ് അംബാനി പറഞ്ഞു. മുംബൈയിൽ മാധ്യമങ്ങളുമായി നടത്തിയ സംവാദത്തിലാണു ജിയോയുടെ ഭാവി വളർച്ചാപദ്ധതികൾ അദ്ദേഹം വിശദീകരിച്ചത്.

നിലവിൽ 53.3 കോടി കണക്റ്റിവിറ്റി ഉപഭോക്താക്കളുള്ള ജിയോ രാജ്യത്തെ മൊത്തം ഡാറ്റാ ട്രാഫിക്കിന്റെ 60 ശതമാനത്തിലധികം കൈകാര്യം ചെയ്യുന്നുണ്ട്. ഓരോ ഇന്ത്യക്കാരനും വീടിനും സ്ഥാപനത്തിനും മികച്ചതും താങ്ങാനാവുന്നതുമായ ഡിജിറ്റൽ സേവനങ്ങൾ ലഭ്യമാക്കുകയാണ് കമ്പനിയുടെ മുൻഗണനയെന്നും ആകാശ് അംബാനി വ്യക്തമാക്കി.

മൊബിലിറ്റി മേഖലയിൽ അടുത്ത അഞ്ചു വർഷത്തിനുള്ളിൽ 34 കോടി ഉപഭോക്താക്കളെ ലക്ഷ്യമിട്ടുള്ള വളർച്ചാ സാധ്യതയാണ് ജിയോ കണക്കാക്കുന്നത്. ഇതിൽ 10 കോടി പേർ പുതുതായി മൊബൈൽ കണക്ഷൻ എടുക്കാൻ സാധ്യതയുള്ളവരാണ്. നിലവിൽ 2ജി ഉപയോഗിക്കുന്ന 24 കോടി ഉപഭോക്താക്കളെ 4ജി, 5ജി സേവനങ്ങളിലേക്ക് എത്തിക്കാനും അവസരമുണ്ടെന്ന് കമ്പനി വിലയിരുത്തുന്നു.

ഹോം ബ്രോഡ്ബാൻഡ് മേഖലയിലാണ് ജിയോ വലിയ വളർച്ചാ സാധ്യത കാണുന്നത്. നിലവിൽ 2.86 കോടി ഫിക്സഡ് ബ്രോഡ്ബാൻഡ് ഉപഭോക്താക്കളുള്ള കമ്പനി, ഈ സംഖ്യ 10 കോടി വീടുകളിലേക്ക് ഉയർത്താനാണു ലക്ഷ്യമിടുന്നത്. 2025–26 സാമ്പത്തിക വർഷത്തിൽ രാജ്യത്ത് പുതുതായി ചേർത്ത ഫിക്സഡ് ബ്രോഡ്ബാൻഡ് കണക്ഷനുകളിൽ 67.5 ശതമാനവും ജിയോയുടേതാണെന്നാണു കമ്പനിയുടെ കണക്ക്. ഫൈബർ കണക്റ്റിവിറ്റിയും വയർലെസ് സാങ്കേതികവിദ്യയും പ്രയോജനപ്പെടുത്തി രാജ്യത്തെ 19,000 പിൻകോഡുകളിലേക്കു സേവനങ്ങൾ വ്യാപിപ്പിക്കുമെന്നും ആകാശ് അംബാനി പറഞ്ഞു.

എന്റർപ്രൈസ് ഡിജിറ്റൽ സേവനങ്ങളും അന്താരാഷ്ട്ര ബിസിനസുമാണ് ജിയോയുടെ മൂന്നാമത്തെ വളർച്ചാ മേഖല. ഇന്ത്യയിലെ എന്റർപ്രൈസ് ഡിജിറ്റൽ സേവന വിപണിയുടെ മൂല്യം 5.1 ലക്ഷം കോടി രൂപയോളം വരുമെന്നാണു കമ്പനിയുടെ വിലയിരുത്തൽ.

രാജ്യത്തെ ബാങ്ക് ശാഖകളിൽ 65 ശതമാനത്തോളം ജിയോ നെറ്റ്‌വർക്കുമായി ബന്ധിപ്പിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. ജിയോ സ്വന്തമായി വികസിപ്പിച്ച സാങ്കേതികവിദ്യാ സംവിധാനങ്ങൾ തെരഞ്ഞെടുത്ത വിദേശവിപണികളിൽ വാണിജ്യവത്കരിക്കാനും പദ്ധതിയുണ്ട്.

സോഫ്റ്റ്‌വേർ വിൽപനയിൽ ഒതുങ്ങാതെ ആഗോള ടെലികോം കമ്പനികൾക്കു മാനേജ്ഡ് സർവീസ് പങ്കാളിയായി പ്രവർത്തിക്കുകയാണു ലക്ഷ്യം.

# മഹീന്ദ്ര എക്സ്‌യുവി 3XO സിഎൻജി വിപണിയിൽ

**ന്യൂദൽഹി:** ജനപ്രിയ കോംപാക്ട് എസ്‌യുവിയായ എക്സ്‌യുവി 3ഃഒയുടെ സിഎൻജി പതിപ്പ് വിപണിയിൽ അവതരിപ്പിച്ച് മഹീന്ദ്ര. 9.99 ലക്ഷം രൂപയാണ് പ്രാരംഭ എക്സ് ഷോറൂം വില.

ഈ മാസം 20 മുതൽ വാഹനത്തിനായുള്ള ബുക്കിംഗും ഡെലിവറിയും ആരംഭിക്കും. നിലവിലുള്ള ടർബോ പെട്രോൾ, ഡീസൽ, ഇലക്ട്രിക് വേരിയന്റുകൾക്കൊപ്പമാകും പുതിയ സിഎൻജി മോഡലും വിൽക്കുക.

1.2 ലിറ്റർ മൾട്ടിപോയിന്റ് ഫ്യൂവൽ ഇൻജക്ഷൻ ടർബോപെട്രോൾ എൻജിനൊപ്പമാണ് മഹീന്ദ്ര സിഎൻജി കിറ്റ് നൽകുന്നത്.

സാധാരണ സിഎൻജി കാറുകളിൽനിന്ന് വ്യത്യസ്തമായി പെട്രോൾ, സിഎൻജി മോഡലുകളിൽ ഒരേ കരുത്തും ടോർക്കുമാണ് ഈ വാഹനം നൽകുന്നത്. കിലോഗ്രാമിന് 24.7 കിലോമീറ്റർ മൈലേജാണ് കമ്പനി വാഗ്ദാനം ചെയ്യുന്നത്.



# കേരളത്തിലെ ആദ്യ വ്യവസായ ഫ്ളെക്സി പാഠ്യപദ്ധതി നടപ്പാക്കാനൊരുങ്ങി കുസാറ്റ്; ശില്പശാലകൾക്ക് തുടക്കം

**കൊച്ചി:** കേരളത്തിലെ ആദ്യ വ്യവസായ സൗഹൃദ പാഠ്യപദ്ധതി സംവിധാനം നടപ്പിലാക്കുന്നതിന്റെയും പാഠ്യപദ്ധതി പരിഷ്കരണത്തിന്റെയും ഭാഗമായി കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ വിവിധ വകുപ്പുകൾ ശില്പശാല സംഘടിപ്പിച്ചു. സ്കൂൾ ഓഫ് എൻജിനീയറിങ്, പ്രൊഫ. എൻ ആർ മാധവ മേനോൻ ഇന്റർ ഡിസിപ്ലിനറി സെന്റർ ഫോർ റിസർച്ച് എത്തിക്സ് ആൻഡ് പ്രോട്ടോകോള്സ്, സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ് എന്നീ വകുപ്പുകൾ ആണ് ശില്പശാലകൽ സംഘടിപ്പിച്ചത്. ദേശീയ വിദ്യാഭ്യാസ നയത്തിലെ വ്യവസ്ഥകൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുക, വ്യവസായഅക്കാദമിക സഹകരണം ശക്തിപ്പെടുത്തുക, വിദ്യാർഥികളുടെ സമഗ്രവികസനം ലക്ഷ്യമാക്കിയുള്ള പഠനരീതി പ്രോത്സാഹിപ്പിക്കുക എന്നിവയായിരുന്നു ശിൽപശാലയുടെ പ്രധാന ലക്ഷ്യങ്ങൾ.

വൈസ് ചാൻസലർ പ്രൊഫ. ഡോ. എം. ജുനൈദ് ബുഷിരിയുടെ നിർദേശപ്രകാരമാണ് ശില്പശാലകൾ സംഘടിപ്പിച്ചത്. സ്കൂൾ ഓഫ് എൻജിനീയറിങ് സംഘടിപ്പിച്ച ശില്പശാല എൻജിനീയറിങ് ഫാക്കൽറ്റി ഡീൻ പ്രൊഫ. സെന്തിൽ പ്രകാശ് എം. എൻ ഏകോപിപ്പിച്ചു.

ഐഐടി പാലക്കാട്ടെ പ്രൊഫ. ആനന്ദ് ടി. എൻ. സി. വിദഗ്ധനായി ശിൽപശാലയ്ക്ക് നേതൃത്വം നൽകി. പ്രൊഫ. എൻ ആർ മാധവ മേനോൻ ഇന്റർ ഡിസിപ്ലിനറി സെന്റർ ഫോർ റിസർച്ച് എത്തിക്സ് ആൻഡ് പ്രോട്ടോകോള്സ് സംഘടിപ്പിച്ച ശില്പശാലയിൽ വിവിധ മേഖലകളിലെ വിദഗ്ധർ നേരിട്ടും ഓൺലൈനായും പരിപാടിയിൽ പങ്കെടുത്തു. സുപ്രീംകോടതി അഭിഭാഷകനുംലീഗൽ ടെക്നോളജി മെന്ററുമായ അഡ്വ. പി. വി. ദിനേശ്, വിരമിച്ച ഐപിഎസ് ഉദ്യോഗസ്ഥനും ബിജുമോൻ ഇ. എസ്., പ്രശാന്ത് കെ. വി., കേരള ഹൈക്കോടതി അഭിഭാഷകരായ അഡ്വ. ലെജിത്, അഡ്വ. രാം മോഹൻ, കുസാറ്റ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസറും അധ്യാപികയുമായ ഡോ. റാഫിദ റഹിമാൻ കെ. എ., കാലിഫോർണിയയിലെ Cerebras Systems se സാങ്കേതിക വിദഗ്ധനായ ഡോ. വിനയ് പൊങ്ങേങ്കണ്ടത്ത്, L&T Technology Servicesse പ്രോഗ്രാം മാനേജരും സൊല്യൂഷൻസ് ആർക്കിടെക്റ്റുമായ ഋഷികുമാർ, കാർത്തിക് എന്നിവർ വിവിധ മേഖലകളിലെ അനുഭവങ്ങളും വിദഗ്ധ അറിവുകളും പങ്കുവെച്ചു. ICREP-യുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച പരിപാടിയുടെ ഓർഗനൈസിങ് സെക്രട്ടറിയായി പ്രൊഫ. (ഡോ.) വാണി കേസരി എ. പ്രവർത്തിച്ചു.

സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ് സംഘടിപ്പിച്ച ശില്പശാലയിൽ അഡ്വ. അശോക് എം. ചെറിയാൻ, മുൻ അഡീഷണൽ അഡ്വക്കേറ്റ് ജനറൽ; ഡോ. വി. എസ്. സെബാസ്റ്റ്യൻ, ഡയറക്ടർ, കോഓപ്പറേറ്റീവ് ലോ കോളേജ്; എൻ. ബാലസുബ്രഹ്മണ്യം, കമ്പനി സെക്രട്ടറി; അഡ്വ. ശങ്കർ പണിക്കർ, അംഗീകൃത മധ്യസ്ഥനും ഇൻസോൾവൻസി പ്രൊഫഷണലും; ദീപ്തി ദാമോദരൻ, സീനിയർ മാനേജർ, ഡോഡ്ജ് കൺസ്ട്രക്ഷൻ നെറ്റ്വർക്ക്; അഷിത് എസ്., മുത്തൂറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ആൻഡ് സയൻസിലെ കരിയർ ഡെവലപ്മെന്റ് സെന്റർ മേധാവി; ഡോ. കിരൺ വിജയ്, സി.ഇ.ഒ., എ.ഐ. സി.ഐ.ഐ.ഐ.ടി.കെ. ഇൻക്യുബേഷൻ സെന്റർ എന്നിവർ പങ്കെടുത്തു. ഡോ. ബിനു മോൾ കെ., ഡയറക്ടർ, സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസിന്റെ നേതൃത്വത്തിൽ, ഫാക്കൽറ്റി ഓഫ് ലോ ഡീൻ ഡോ. വാണി കേസരി എ.യുടെ മാർഗനിർദേശത്തോടെ യോഗം നടന്നു. അസോസിയേറ്റ് പ്രൊഫസർ ഡോ. ശ്രീജിത്ത് എസ്. യോഗത്തിന്റെ ഏകോപനം നിർവഹിച്ചു.

പ്രോഗ്രാമുകളിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ലീഗൽ ടെക്നോളജി, ഫിൻടെക്, സൈബർ നിയമം, കോർപ്പറേറ്റ് ഗവേണൻസ്, ഇ.എസ്.ജി., സംരംഭകത്വം, സൈബർ സുരക്ഷ, ടാലന്റ് മാനേജ്മെന്റ്, സാങ്കേതികവിദ്യാധിഷ്ഠിത സേവനങ്ങൾ, തൊഴിൽ സജ്ജമായ നൈപുണ്യ വികസനം തുടങ്ങിയ മേഖലകൾ ഉൾപ്പെടുത്തുന്നതിനെക്കുറിച്ച് ചർച്ചകൾ നടന്നു.

വ്യവസായം, ശാസ്ത്രം, സാങ്കേതികവിദ്യ എന്നീ മേഖലകളിലെ മാറ്റങ്ങൾക്കനുസൃതമായി പാഠ്യപദ്ധതി കാലാനുസൃതമായി പരിഷ്കരിക്കുന്നതിനായി കേരളത്തിലെ ആദ്യ വ്യവസായ സൗഹൃദ പാഠ്യപദ്ധതി സംവിധാനം നടപ്പിലാക്കാൻ കുസാറ്റ് 2026 സെപ്റ്റംബറിൽ തീരുമാനിച്ചിരുന്നു. നിർദിഷ്ട മാതൃകയനുസരിച്ച്, പാഠ്യപദ്ധതിയുടെ 80 ശതമാനം ബോർഡ് ഓഫ് സ്റ്റഡീസ് അംഗീകരിച്ച അടിസ്ഥാന പാഠ്യവിഷയങ്ങളും ശേഷിക്കുന്ന 20 ശതമാനം കാലാനുസൃതമായി പരിഷ്കരിക്കാവുന്ന ഘടകങ്ങളുമായിരിക്കും. ഉയർന്നുവരുന്ന സാങ്കേതികവിദ്യകൾ, ഗവേഷണ കണ്ടെത്തലുകൾ, വിവിധ വിഷയങ്ങളുടെ സംയോജിത പഠനം, വ്യവസായ മേഖലയിലെ പ്രവർത്തനരീതികൾ, സമകാലിക മാറ്റങ്ങൾ എന്നിവ ഉൾക്കൊള്ളുന്നതിനാണ് ഈ പരിഷ്കരണ സംവിധാനം ലക്ഷ്യമിടുന്നത്.

# യുഎസ് ഓഹരികളിൽ നിക്ഷേപിക്കാൻ അവസരമൊരുക്കി മിറേ അസറ്റ് ഷെയർഖാൻ

**കൊച്ചി:** ഇന്ത്യൻ നിക്ഷേപകർക്ക് 10,000ത്തിലധികം യുഎസ് ഓഹരികളിലും എക്സ്ചേഞ്ച് ട്രേഡഡ് ഫണ്ടുകളിലും നിക്ഷേപിക്കാനുള്ള സൗകര്യമൊരുക്കി മിറേ അസറ്റ് ഷെയർഖാൻ. ഗിഫ്റ്റ് സിറ്റിയിലെ ഇന്റർനാഷണൽ ഫിനാൻഷ്യൽ സർവീസസ് സെന്റർ വഴിയാണ് മിറേ അസറ്റ് ഗിഫ്റ്റ് ഷെയർഖാൻ ഈ സേവനം അവതരിപ്പിച്ചത്. ഒരു യുഎസ് ഡോളർ മുതൽ നിക്ഷേപം ആരംഭിക്കാം. 2,500ത്തിലധികം ഓഹരികളിലും ഇടിഎഫുകളിലും ഭാഗിക നിക്ഷേപത്തിനും അവസരമുണ്ട്. അക്കൗണ്ട് തുറക്കുന്നതിനും പ്ലാറ്റ്ഫോം ഉപയോഗിക്കുന്നതിനും വാർഷിക ഫീസില്ല. ആർബിഐയുടെ ലിബറലൈസ്ഡ് റെമിറ്റൻസ് സ്കീം ചട്ടങ്ങൾ പാലിച്ചുകൊണ്ട് ഇന്ത്യൻ നിക്ഷേപകർക്ക് വിദേശ വിപണികളിൽ നിക്ഷേപിക്കാം. ആഗോള വിപണികളിലെ നിക്ഷേപത്തിലൂടെ പോർട്ട്ഫോളിയോ വൈവിധ്യവത്കരിക്കാനും യുഎസ് ഡോളറിലെ നിക്ഷേപങ്ങളിലൂടെ കറൻസി മൂല്യത്തിലെ മാറ്റങ്ങളിൽനിന്ന് സാധ്യതയുള്ള നേട്ടങ്ങൾ നേടാനും അവസരമൊരുങ്ങും.




# ഉത്സവ സീസണിൽ ജാവ ഓൾ സ്റ്റാർസ് മോഡലുകൾ ഇനി ഓൺലൈനിലും

**കൊച്ചി:** ഉത്സവ സീസണിൽ മോട്ടോർസൈക്കിൾ വാങ്ങൽ കൂടുതൽ എളുപ്പമാക്കുന്നതിനായി ജാവ യെസ്ദി മോട്ടോർസൈക്കിൾസിന്റെ ഓൾ സ്റ്റാർസ് ശ്രേണിയിലെ മോഡലുകൾ ആമസോൺ, ഫ്ലിപ്കാർട്ട് ഓൺലൈൻ പ്ലാറ്റ്ഫോമുകളിൽ ലഭ്യമാക്കി. ജാവ 42 എഫ്ജെ, 42 ബോബർ, 42 ഒജി എന്നീ മോഡലുകളാണ് ഇതിലൂടെ ലഭ്യമാകുന്നത്.

ഓൺലൈനായി വാഹനത്തിന്റെ എക്സ്ഷോറൂം വില അടച്ച് വാങ്ങൽ നടപടികൾ ആരംഭിക്കാം. തുടർന്ന് അംഗീകൃത ഡീലർമാർ ഓർഡർ സ്ഥിരീകരിക്കുകയും ബാക്കി തുക അടയ്ക്കുന്നതിനും രേഖകൾ തയ്യാറാക്കുന്നതിനും സഹായിക്കുകയും ചെയ്യും. രജിസ്ട്രേഷനും ഇൻഷുറൻസും പൂർത്തിയാക്കിയശേഷം അടുത്തുള്ള ജാവ യെസ്ദി ഡീലർഷിപ്പിൽനിന്ന് വാഹനം ഏറ്റുവാങ്ങാം. നാലുവർഷം അല്ലെങ്കിൽ 50,000 കിലോമീറ്റർ സ്റ്റാൻഡേർഡ് വാറന്റി, എട്ടുവർഷം വരെയുള്ള റോഡ്സൈഡ് അസിസ്റ്റൻസ്, വിപുലീകൃത വാറന്റി, പരിപാലന പദ്ധതികൾ എന്നിവയും കമ്പനി ലഭ്യമാക്കുന്നുണ്ട്.



# എംജി വിൻഡ്സർ ഇൻഡൾജ് എഡിഷൻ പുറത്തിറക്കി

**കൊച്ചി:** ജെഎസ്ഡബ്ല്യൂഎംജി മോട്ടോർ ഇന്ത്യ തങ്ങളുടെ ജനപ്രിയ ഇലക്ട്രിക് വാഹനമായ എംജിവിൻഡ്സറിന്റെ കൂടുതൽ ആഡംബരപൂർണമായ 'ഇൻഡൾജ് എഡിഷൻ' പുറത്തിറക്കി. 38 കിലോവാട്ട് അവർ ബാറ്ററി പാക്കോടെ എത്തുന്ന ഈ വാഹനം 100 കിലോവാട്ട് കരുത്തും 200 ന്യൂട്ടൺ മീറ്റർ ടോർക്കും ഉത്പാദിപ്പിക്കുകയും ഒറ്റ ചാർജിൽ 332 കിലോമീറ്റർ സർട്ടിഫൈഡ് മൈലേജ് നൽകുകയും ചെയ്യുന്നു. ഷാഡോ ഗോൾഡ് ബോഡി കളറും കറുത്ത റൂഫും ചേരുന്ന ഡ്യുവൽ ടോൺ എക്സ്റ്റീരിയർ, കറുത്ത അലോയ് വീലുകൾ, സിപില്ലറിലെ പ്രത്യേക ബാഡ്ജിംഗ് എന്നിവ വാഹനത്തിന് കൂടുതൽ ആകർഷകവും പ്രീമിയവുമായ ശൈലി നൽകുന്നു.

ക്യാബിനുള്ളിൽ അർബൻ ടാൻ, കറുപ്പ് നിറങ്ങളിലുള്ള അപ്ഹോൾസ്റ്ററി തീമും മുൻ സീറ്റുകളിലെ ഹെഡ്റെസ്റ്റുകളിൽ പ്രത്യേക എംബ്രോയ്ഡറിയും നൽകിയാണ് പുതിയ പതിപ്പ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. പിൻസീറ്റ് യാത്രക്കാർക്കായി ബിസിനസ് ക്ലാസ് സുഖസൗകര്യങ്ങൾ ഉറപ്പാക്കുന്ന പ്രത്യേക സ്ക്രീൻ, ഇൻഡൾജ് തീമിലുള്ള കുഷനുകൾ, നെക്ക് പില്ലോകൾ എന്നിവ ഇതിൽ സ്റ്റാൻഡേർഡായി ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, ഉപഭോക്താക്കൾക്ക് തങ്ങളുടെ താല്പര്യത്തിനനുസരിച്ച് വാഹനം കൂടുതൽ വ്യക്തിഗതമാക്കുന്നതിനായി തിരഞ്ഞെടുക്കാവുന്ന മികച്ച ആക്സസറികളുടെ ശ്രേണിയും ലഭ്യമാണ്.

ഇന്ത്യൻ ഇലക്ട്രിക് വാഹന വിപണിയിൽ വിൻഡ്സർ വലിയ മുന്നേറ്റം സൃഷ്ടിച്ചതായും 24 മാസത്തിനുള്ളിൽ എൺപതിനായിരത്തിലധികം കുടുംബങ്ങളിലേക്ക് എത്തിച്ചേരാൻ കഴിഞ്ഞതായും കമ്പനിയുടെ ചീഫ് കൊമേഴ്സ്യൽ ഓഫീസർ വിനയ് റെയ്ന വ്യക്തമാക്കി. സെഡാന്റെ വിശാലതയും സ്പോർട്സ് യൂട്ടിലിറ്റി വാഹനത്തിന്റെ സവിശേഷതകളും സമന്വയിപ്പിക്കുന്ന ഈ വാഹനം, 135 ഡിഗ്രി വരെ ചരിഞ്ഞു കിടക്കാവുന്ന സീറ്റുകളും 15.6 ഇഞ്ച് വലിപ്പമുള്ള വലിയ ടച്ച് ഡിസ്പ്ലേയും വഴി ഡ്രൈവിംഗ് അനുഭവം കൂടുതൽ മികച്ചതാക്കുന്നു.



നവ്യ ബേക്ക് ഷോപ്പിന്റെ കേക്ക് മിക്സിംഗ് ആഘോഷം നവ്യ ഹോമിൽ നടി മിയ ജോർജ് ഉദ്ഘാടനം ചെയ്യുന്നു. ഡയറക്ടർമാരായ മരിയ, റോസ്, എലിസബത്ത് തുടങ്ങിയവർ സമീപം

# ക്രിസ്തുമസിനെ വരവേൽക്കാൻ പന്ത്രണ്ട് ഇനം കേക്കുമായി നവ്യ ബേക്ക് ഷോപ്പ്

**കൊച്ചി:** ക്രിസ്തുമസിനെ വരവേൽക്കാൻ പന്ത്രണ്ട് ഇനം കേക്കുമായി നവ്യ ബേക്ക് ഷോപ്പ്. നവ്യയുടെ കേക്ക് മിക്സിംഗ് ആഘോഷം നവ്യ ഹോമിൽ നടന്നു. നടി മിയ ജോർജ് കേക്ക് മിക്സിംഗ് ഉദ്ഘാടനം ചെയ്തു. സംഗീതജ്ഞൻ സ്റ്റീഫൻ ദേവസ്സി ഡാർക്ക്, മിൽക്ക് ചെക്ലേറ്റുകൾ പുറത്തിറക്കി. നവ്യ ബേക്ക് ഷോപ്പ് മാനേജിംഗ് ഡയറക്ടർ ബിജു, ഡയറക്ടർമാരായ ജിജി, മരിയ, റോസ്, എലിസബത്ത് തുടങ്ങിയവർ പങ്കെടുത്തു.

റിച്ച് പ്ലം, ട്രഡീഷണൽ പ്ലം, സെലിബ്രേഷൻ, ഫിയസ്റ്റ, ഇംഗ്ലീഷ് ഫ്രൂട്ട് കേക്ക്, ജാഗറി മില്ലറ്റ്, എഗ്ഗ്ലസ് പ്ലം, വൈറ്റ് പ്ലം, ഷുഗർ ഫ്രീ പ്ലം, ചോക്കലേറ്റ് ഫ്രൂട്ട് കേക്ക്, റോയൽ ഐസിംഗ്, റം ആന്റ് റൈസിൻ എന്നിവയാണ് നവ്യയുടെ ക്രിസ്തുമസ് സ്പെഷ്യൽ കേക്കുകൾ.

പ്രകൃതിദത്ത നിറങ്ങളും ഫ്ലേവറുകളും ഉപയോഗിച്ചുള്ള ഉത്പന്നങ്ങൾ കേരളത്തിൽ ആദ്യമായി രംഗത്തിറക്കിയ നവ്യ ബേക്ക് ഷോപ്പ് ഗുണമേന്മയ്ക്കും ശുചിത്വത്തിനുമാണ് മുൻഗണന നൽകുന്നത്.യൂറോപ്യൻ നിലവാരത്തിലുള്ള പാസ്ചറൈസ് ചെയ്ത ലികിഡ് എഗ്, മികച്ച ഗുണനിലവാരമുള്ള അസംസ്കൃത വസ്തുക്കൾ എന്നിവയുടെ ഉപയോഗത്തിലൂടെ ഉൽപ്പന്നങ്ങളുടെ ഗുണമേന്മ ഉറപ്പാക്കുകയാണ് ലക്ഷ്യം.

പ്രിസർവേറ്റീവുകൾ ചേർക്കാതെയുള്ള ഉൽപ്പന്നനിർമാണത്തിനാണ് പ്രാധാന്യം നൽകുന്നത്. മികച്ച ഗുണനിലവാരമുള്ള ഡ്രൈ ഫ്രൂട്ട്സും ഫാർമസ്യൂട്ടിക്കൽ ഗ്രേഡിലുള്ള പഞ്ചസാരയും ഉൽപ്പന്നനിർമാണത്തിന് ഉപയോഗിക്കുന്നു. ഭക്ഷ്യസുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്ന പേപ്പറുകളും പാക്കിങ് സാമഗ്രികളുമാണ് ഉൽപ്പന്നങ്ങൾ പൊതിയുന്നതിനായി ഉപയോഗിക്കുന്നത്.

ട്രാൻസ് ഫാറ്റ് രഹിത കൊഴുപ്പുകളുടെ ഉപയോഗവും സ്ഥാപനത്തിന്റെ പ്രത്യേകതയാണ്. ഉൽപ്പന്നങ്ങളുടെ സുരക്ഷയും ഗുണമേന്മയും ഉറപ്പാക്കുന്നതിനൊപ്പം ശുചിത്വത്തിനും പ്രത്യേക പരിഗണന നൽകുന്നു. കേരളത്തിൽ ഫൈവ് സ്റ്റാർ ശുചിത്വ റേറ്റിങ് സംവിധാനം ഉപയോഗിക്കുന്ന ആദ്യ ബേക്കറിയെന്ന പ്രത്യേകതയും നവ്യയ്ക്കുള്ളതാണ്.

# അഞ്ച് വർഷത്തിനുള്ളിൽ 40 ഹോട്ടലുകളും റിസോർട്ടുകളും

## വിപുലമായ പദ്ധതിയുമായി താമര ലെഷർ എക്സ്പീരിയൻസ്

**കൊച്ചി:** അടുത്ത അഞ്ച് വർഷത്തിനുള്ളിൽ 40 ഹോട്ടലുകളും റിസോർട്ടുകളും ഉൾപ്പെടുന്ന ശൃംഖല കെട്ടിപ്പടുക്കാൻ ലക്ഷ്യമിട്ട് താമര ലെഷർ എക്സ്പീരിയൻസസ്.

ആഡംബര റിസോർട്ടുകൾ, ഉയർന്ന നിലവാരത്തിലുള്ള ഹോട്ടലുകൾ, ഹെൽത്ത് കെയർ ടൂറിസം, ആത്മീയ ടൂറിസം തുടങ്ങിയ മേഖലകളിൽ കേരളത്തിന് തന്ത്രപ്രധാനമായ സ്ഥാനം നൽകിക്കൊണ്ടാണ് കമ്പനിയുടെ വളർച്ചാ പദ്ധതികൾ മുന്നോട്ടു വെക്കുന്നത്. ഇതിന്റെ ഭാഗമായി ഇന്ത്യയിലെ ആദ്യത്തെ വിശ്വാസാധിഷ്ഠിത ആതിഥേയ ബ്രാൻഡായ റേ ബൈ താമര അടുത്തിടെ ഗുരുവായൂരിൽ ഉദ്ഘാടനം ചെയ്തിരുന്നു. വളർന്നുവരുന്ന ആത്മീയ വിനോദസഞ്ചാര മേഖലയിലേക്കുള്ള കമ്പനിയുടെ ആദ്യ ചുവടുവെയ്പ്പ് കൂടിയായിരുന്നു ഇത്.

ഈ ശൃംഖലയിലേക്ക് അടുത്തതായി എത്തുന്നത് ആലപ്പുഴയിലെ അത്യാഡംബര വിനോദസഞ്ചാര കേന്ദ്രമായ ദ താമര മറീനയാണ്. കായലിൽ ഒന്ന്, രണ്ട്, മൂന്ന് മുറികളിലായി 24 ആഡംബര ബോട്ട് വില്ലകളും കായലോരത്ത് നിർമിക്കുന്ന പത്ത് ബംഗ്ലാവുകളും അടങ്ങുന്നതാവും ഈ പദ്ധതി. ഇത്തരത്തിൽ പ്രത്യേകമായി രൂപകൽപ്പന ചെയ്ത് നിർമിക്കുന്ന റിസോർട്ടുകളിൽ ലോകത്തിലെ ഏറ്റവും വലിയ കേന്ദ്രമായി ഇത് മാറുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ഇന്ത്യയിലെ വിനോദസഞ്ചാര വിപണി പരമ്പരാഗതമായുള്ള വിനോദസഞ്ചാര കേന്ദ്രങ്ങൾക്കപ്പുറത്തേക്ക് വളരുകയാണെന്നും ആഡംബര താമസവും ഹെൽത്ത കെയർ ടൂറിസവും ആത്മീയ തീർഥാടനവും ഉൾപ്പടെ വളർന്നുവരുന്ന വിനോദസഞ്ചാര കേന്ദ്രങ്ങളിലെ സുഖകരമായ താമസം ഉൾപ്പടെ തേടുന്ന സഞ്ചാരികളുടെ എണ്ണം അനുദിനം വർധിച്ചുവരികയാണെന്ന് താമര ലെഷർ എക്സ്പീരിയൻസസ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സമീർ എം.സി. പറഞ്ഞു.

# യുടിഐ മിഡ് ക്യാപ് ഫണ്ടിന്റെ ആസ്തി 11,919 കോടി രൂപ കടന്നു

**കൊച്ചി:** വിപുലമായ വളർച്ചാ സാധ്യതയും കൃത്യമായ ബിസിനസ്സ് മാതൃകയുമുള്ള കമ്പനികളിൽ നിക്ഷേപിക്കാൻ യുടിഐ മിഡ് ക്യാപ് ഫണ്ട് അവസരമൊരുക്കുന്നു. മികച്ച സാമ്പത്തിക സ്ഥിതിയുള്ളതും മാർജിൻ നിലനിർത്താൻ ശേഷിയുള്ളതുമായ ബിസിനസുകളെ ബോട്ടംഅപ്പ് സമീപനത്തിലൂടെയാണ് ഫണ്ട് തിരഞ്ഞെടുക്കുന്നത്. വിവിധ മേഖലകളിലായി ഏകദേശം 79 ഓഹരികൾ ഉൾക്കൊള്ളുന്ന വൈവിധ്യമാർന്നൊരു പോർട്ട്ഫോളിയോ ഈ ഫണ്ടിനുണ്ട്. 2004 ഏപ്രിൽ 7ന് ആരംഭിച്ച ഈ ഫണ്ടിന് 2026 സെപ്റ്റംബർ 30 വരെയുള്ള കണക്കുപ്രകാരം 11,919 കോടി രൂപയിലധികം ആസ്തിയുണ്ട്. ഫണ്ടിന്റെ ഏകദേശം 70 ശതമാനം മിഡ് ക്യാപ് കമ്പനികളിലും, 19 ശതമാനം സ്മാൾ ക്യാപ് കമ്പനികളിലും, ബാക്കി തുക ലാർജ് ക്യാപ് കമ്പനികളിലുമാണ് നിക്ഷേപിച്ചിരിക്കുന്നത്.

# ഡിജിറ്റൽ വായ്പയിൽ കൊച്ചിക്കും താൽപര്യം

**തിരുവനന്തപുരം:** നഗര ഇന്ത്യക്കാരിൽ 75% പേരും പേയ്മെന്റ് ആപ്പുകളിലൂടെ സാമ്പത്തിക സേവനങ്ങൾ ഉപയോഗിക്കുന്നതായി പഠനം. ഡിജിറ്റൽ വായ്പയെക്കുറിച്ച് 88% പേർക്ക് അറിവുണ്ടെങ്കിലും ഉപയോഗിക്കുന്നത് 31% പേർ മാത്രം. തട്ടിപ്പ് സംരക്ഷണം ഉറപ്പാക്കിയാൽ ആപ്പിലൂടെ വായ്പയെടുക്കാൻ 51.5% പേർ തയാറാണ്. ടയർ2 നഗരങ്ങളിൽ ഡിജിറ്റൽ വായ്പാ ഉപയോഗം മെട്രോ നഗരങ്ങളേക്കാൾ കൂടുതലാണ്. ഇലക്ട്രോണിക്സ്, ഗൃഹോപകരണങ്ങൾ എന്നിവ തവണവ്യവസ്ഥയിൽ വാങ്ങുന്നതിൽ കോയമ്പത്തൂർ 70% ഉപയോഗവുമായി മുന്നിലെത്തിയപ്പോൾ കൊച്ചിയിൽ ഇത് 45% ആണ്. ഉത്സവകാലത്ത് 77% പേർ സാധാരണയേക്കാൾ കുറഞ്ഞത് 50% അധികം ചെലവഴിക്കുന്നതായും പഹ്ലെ ഇന്ത്യ ഫൗണ്ടേഷനും ആമസോൺ പേയും ചേർന്നു നടത്തിയ പഠനം വ്യക്തമാക്കുന്നു.




# ചെക്ക് ദിനം ആഘോഷിച്ച് ജാവ യെസ്ഡി

**കൊച്ചി:** ജാവ യെസ്ഡി മോട്ടോർസൈക്കിൾസ് ന്യൂഡൽഹിയിലെ ചെക്ക് റിപ്പബ്ലിക് എംബസിയിൽ നടന്ന ചെക്ക് ദിനം 2026 ആഘോഷങ്ങളിൽ പങ്കെടുത്തു. 1929ൽ പ്രാഗിൽ ആരംഭിച്ച ജാവയുടെ പാരമ്പര്യവും ഇന്ത്യയിലെ യാത്രയും ആഘോഷത്തിന്റെ ഭാഗമായി അനുസ്മരിച്ചു. 1960ൽ ഐഡിയൽ ജാവയിലൂടെ ഇന്ത്യയിലെത്തിയ ബ്രാൻഡ് തലമുറകളായി ഇന്ത്യൻ ബൈക്ക് പ്രേമികൾക്കിടയിൽ ശ്രദ്ധേയ സാന്നിധ്യമാണ്. 2018ൽ ഇന്ത്യയിൽ തിരിച്ചെത്തിയ ജാവ പുതിയ തലമുറയിലെ റൈഡർമാർക്കിടയിലും സ്വീകാര്യത നേടി. ജാവ 42, ജാവ 42 എഫ്ജെ, ജാവ 42 ബോബർ എന്നിവ ഉൾപ്പെടുന്ന ഓൾ സ്റ്റാർസ് ശ്രേണിയിലൂടെ ബ്രാൻഡ് തങ്ങളുടെ സാന്നിധ്യം വിപുലീകരിക്കുകയാണ്. പാരമ്പര്യം നിലനിർത്തുന്നതിനൊപ്പം ഇന്നത്തെ റൈഡർമാരുടെ അഭിരുചികൾക്കനുസരിച്ചുള്ള മോട്ടോർസൈക്കിളുകൾ അവതരിപ്പിക്കുന്നതിലും കമ്പനി ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

# ബ്ലൈൻഡ് ക്രിക്കറ്റ് ടൂർണമെന്റ് രണ്ടാം ഘട്ടം ഒക്ടോബർ 20 ന്

**കോട്ടയം:** ക്രിക്കറ്റ് അസോസിയേഷൻ ഫോർ ദ ബ്ലൈൻഡ് ഇൻ കേരള (സി എ ബി കെ) സംഘടിപ്പിക്കുന്ന കാഴ്ചപരിമിതരായ പുരുഷന്മാർക്കുള്ള 13ാമത് ഓൾ കേരള നവാസ് നിസാർ ട്രോഫി ക്രിക്കറ്റ് ചാമ്പ്യൻഷിപ്പിന്റെ രണ്ടാം ഘട്ടത്തിന് ഒക്ടോബർ 20 ന് കോട്ടയത്ത് തുടക്കമാകും. കോട്ടയം മെഡിക്കൽ കോളേജ് ഗ്രൗണ്ടിലാണ് കോട്ടയം ടൈഗേഴ്സിന്റെ ഹോം മാച്ച് നടക്കുന്നത്.രാവിലെ 9 ന് നടക്കുന്ന ആദ്യ മത്സരത്തിൽ കോട്ടയം ടൈഗേഴ്സ് മലബാർ കിങ്സിനെ നേരിടും. തുടർന്ന് ഉച്ചകഴിഞ്ഞ് 2 മണിക്ക് നടക്കുന്ന രണ്ടാം മത്സരത്തിൽ പാലക്കാട് സ്പാർട്ടൻസുമായി കോട്ടയം ടൈഗേഴ്സ് ഏറ്റുമുട്ടും. കൊച്ചിയിൽ വെച്ച് നടന്ന ആദ്യ ഘട്ട മത്സരങ്ങളിൽ 10 പോയിന്റോടെ സ്പാർട്ടൻസ് പാലക്കാട് ആണ് പോയിന്റ് പട്ടികയിൽ ഒന്നാം സ്ഥാനത്തുള്ളത്.

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com